പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 285      26.09.2011-ൽ മറുപടിയ്ക്ക്

ചെക്ക് പോസ്റ്റ് നവീകരണം

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാര്യക്ഷമവും അഴിമതിവിമുക്തവും സുതാര്യവും ആക്കുന്നതിനുവേണ്ടി മുൻ സർക്കാർ ചെക്ക് പോസ്റ്റുകളിൽ നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ പുരോഗതി വ്യക്തമാക്കാമോ ; | (എ) കാര്യക്ഷമവും അഴിമതിവിമുക്തവും സുതാര്യവും ആക്കുന്നതിനുവേണ്ടി മുൻ സർക്കാർ ചെക്ക് പോസ്റ്റുകളിൽ നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അഴിമതിരഹിത പദ്ധതിയുടെ ഭാഗമായി പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലെ ജീവനക്കാർ മുൻ സർക്കാർ ഏർപ്പെടുത്തിയ താമസസൗകര്യം ഭക്ഷണ സൗകര്യം എന്നിവ ഇപ്പോഴും തുടരുന്നുണ്ട്. അഴിമതി വിമുക്തവും സുതാര്യവും ആക്കുന്നതിനായി അമരവിള ചെക്ക് പോസ്റ്റിൽ ഏർപ്പെടുത്തിയ സി.സി. ടി.വി നിരീക്ഷണ സംവിധാനം ഇപ്പോഴും തുടരുന്നുണ്ട്. |
| (ബി) ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നടപടികളുടെ ഫലമായി സംസ്ഥാനത്തിന് ലഭിച്ച അധിക വരുമാനത്തിന്റെ കണക്ക് വ്യക്തമാക്കുമോ; | (ബി) ഈ സാമ്പത്തിക വർഷം ഇതുവരെ (31.08.2011) സംസ്ഥാനത്തിന് ലഭിച്ച ആകെ അധികവരുമാനം 1109.67 കോടിയാണ്. |
| (സി) സുതാര്യവും അഴിമതിവിമുക്തവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ടി ചെക്ക് പോസ്റ്റുകളിൽ എന്തെല്ലാം കൂടുതൽ ക്രമീകരണങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) സുതാര്യവും അഴിമതിവിമുക്തവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ടി ചെക്ക് പോസ്റ്റുകളിൽ നിരവധി നവീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനു പുതിയ സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. ചരക്കുകൾ ചെക്ക്പോസ്റ്റിലേക്ക് എത്തുന്നതിനു മുമ്പുതന്നെ വ്യാപാരി സമർപ്പിക്കുന്ന രേഖകളിലെ വിവരങ്ങൾ ശേഖരിക്കാനും ഇതിനെ ചരക്കു വാങ്ങുന്ന വ്യാപാരിയുടെ |

(.......2)

നീക്കം സംബന്ധിച്ച കാര്യങ്ങൾ [illegible]
പരിശോധിക്കാനും കഴിയുന്ന തരത്തിൽ കാര്യക്ഷമമായുള്ള ഒരു സംയോജിത ചെക്ക്പോസ്റ്റ് ഡാറ്റാ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതി പൂർത്തിയായിവരുന്നു. ഒരു ഡീലറുടെ TIN ദുരുപയോഗം ചെയ്ത് മറ്റുള്ളവർ ചരക്ക് കടത്തി കൊണ്ടുവരുന്നത് ഒഴിവാക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക്പോസ്റ്റിലൂടെ സംസ്ഥാനത്തിലേക്ക് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം TIN/PIN ഡീലർമാരുടെ മൊബൈൽ ഫോണിൽ Alert Message sms ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തുന്നതും പൂർത്തിയായി വരുന്നു.

വാണിജ്യ നികുതി, മോട്ടോർ വാഹനം, എക്സൈസ്, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളിലെ പരിശോധനാ സംഘങ്ങൾക്കെല്ലാം അവരുടെ ആവശ്യമനുസരിച്ച് സംസ്ഥാനത്തിനകത്തേക്ക് വരുന്ന ചരക്കുവാഹനങ്ങൾ സംയുക്തമായി പരിശോധിക്കുന്ന സമ്പ്രദായം പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ നടപ്പിലാക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്. പരിശോധനയിലെ കാലതാമസം, ഗതാഗതകുരുക്ക് എന്നിവ ഒഴിവാക്കുകയും പരിശോധന കാര്യക്ഷമമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സംയോജിത ചെക്ക്പോസ്റ്റ് നടപ്പിലാക്കുന്നത്. ഇത്തരത്തിലുള്ള ഒരു സംയോജിത ചെക്ക്പോസ്റ്റ് അമരവിളയിൽ നടപ്പിലാക്കി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ